# വീണപൂവ്

നനഞ്ഞ പുടവകൾ ചുറ്റി
സ്സന്ധ്യകൾ നടന്നു വരുമീ ശിശിരത്തിൽ
ശംഖൊലിയികൽ, കർപ്പൂരത്തിൻ
സുഗന്ധ വായുവിൽ വന്നു നീ.



നിലാവിൽ മുങ്ങിയ ശാരദരാവിൻ
നെടുവീർപ്പുകളായീ വനിയിൽ
അലഞ്ഞു തിരിയും നിഗൂഢരാഗ–
സ്മൃതിയായ് വന്നു നീയിവിടെ.

വിരിഞ്ഞു മന്ദം വിടർന്നു മലരും
കുടമുല്ലപ്പൂവിതളുകളിൽ
ഒളിഞ്ഞിരിക്കാൻ വന്നു നീയി–
ക്കുഞ്ഞിക്കാറ്റിൻ ചിറകുകളിൽ.

കറുത്ത കമ്പിളി പുതച്ചു രാവുകൾ
ഉണർന്നു കാവലിരിക്കുമ്പോൾ
വിറങ്ങലിച്ചു കിടപ്പൂ പക്ഷേ
തണുത്ത മണ്ണിൽ നീ തനിയേ. ■ 1964

മംഗളോദയം മാസിക